LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിന് മുമ്പ് അനുവദിച്ചിരുന്ന കൽക്കരിയുടെ അലോക്കേഷൻ സുപ്രീം കോടതി വിധിമൂലം നഷ്ടമായതും കൽക്കരി കൊണ്ടുള്ള ഒരു പദ്ധതി ചീമേനിയിൽ സ്ഥാപിക്കുന്നതിന് ഒരു സമവായം ഉണ്ടാക്കാൻ കഴിയാത്തതും കൽക്കരി ഉപയോഗിച്ചുള്ള പദ്ധതി തുടങ്ങുവാൻ തടസ്സമായി. പെറ്റ്കോക്ക് ഇന്ധനമാക്കിയുള്ള പദ്ധതിക്കുവേണ്ടി എഫ്.എ.സി.ടി.-യിൽനിന്നും സ്ഥലം ഏറ്റെടുക്കുന്നതിനുവേണ്ട നടപടികൾ സർക്കാർ എടുത്തുകഴിഞ്ഞു. പദ്ധതിക്കുവേണ്ട ഇന്ധനമായ പെറ്റ്കോക്കിന്റെ വിലയെ സംബന്ധിച്ച് ബി.പി.സി.എൽ-മായി ചർച്ചകൾ നടന്നുവരുന്നു.

ധർമ്മടം സെക്ഷൻ ഓഫീസ് വിഭജനം

72 (457) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധർമ്മടം നിയോജകമണ്ഡലത്തിലെ ധർമ്മടം സെക്ഷൻ ഓഫീസ് വിഭജിച്ച് മുഴപ്പിലങ്ങാട് കേന്ദ്രമായി ഒരു സെക്ഷൻ ഓഫീസ് അനുവദിക്കണമെന്ന നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. ധർമ്മടം, കാടാച്ചിറ, ചൊവ്വ എന്നീ സെക്ഷൻ ഓഫീസുകൾ വിഭജിച്ച് മുഴപ്പിലങ്ങാട് കേന്ദ്രമായി സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ വൈദ്യുതി ബോർഡ് പരിശോധിച്ചിരുന്നു. നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികമാവുകയും ചെയ്യുന്ന സാഹചര്യത്തിലാണ് സാധാരണഗതിയിൽ ബോർഡ് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. എന്നാൽ മേൽ സെക്ഷൻ ഓഫീസുകൾ സെക്ഷൻ വിഭജനത്തിനുള്ള മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്തതിനാൽ ടി സെക്ഷനുകൾ വിഭജിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

ദീനദയാൽ ഉപാദ്ധ്യായ ഗ്രാമജ്യോതി യോജന

73 (458) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദീനദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന (ഡി.ഡി.യു.ജി.ജെ.വൈ.) പ്രകാരം ഏറനാട് മണ്ഡലത്തിലെ വിവിധ കെ.എസ്.ഇ.ബി സെക്ഷനുകളിൽ

നടപ്പിലാക്കുവാൻ തയ്യാറാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും അവ ഏതു ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ;

(ബി) ഏറനാട് മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; ആയതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; ഇല്ലെങ്കിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി നടപ്പിലാക്കുന്നതിനു നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ദീനദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന (ഡി.ഡി.യു.ജി.ജെ.വൈ.) പ്രകാരം ഏറനാട് മണ്ഡലത്തിൽ നടപ്പിലാക്കാൻ തയ്യാറാക്കിയ പ്രവൃത്തികൾ സംബന്ധിച്ച വിശദവിവരം ചുവടെ ചേർക്കുന്നു:

(i) 11 കെ.വി. നിർമ്മാണം :

കിഴിശ്ശേരി സെക്ഷൻ	മുണ്ടുപറമ്പ് മുതൽ കടിഞ്ഞല്ലൂർ വരെ -1.4 കിലോമീറ്റർ മുണ്ടുപറമ്പ് മുതൽ പത്തിച്ചാൽ വരെ - 1.0 കിലോ മീറ്റർ
അരിക്കോട് സെക്ഷൻ	പൂവൽകുടി മുതൽ പള്ളിപ്പടി വരെ - 2 കിലോ മീറ്റർ സബ്സ്റ്റേഷൻ മുതൽ അറക്കഞ്ചേരി വരെ - 4 കിലോ മീറ്റർ
എടവണ്ണ സെക്ഷൻ	1.57 കി. മീ.
അകമ്പാടം സെക്ഷൻ	0.85 കി.മീ.

(ii) പുതിയടാൻസ്ഫോമർ സ്ഥാപിക്കൽ :-

അരിക്കോട് സെക്ഷൻ	2 എണ്ണം
എടവണ്ണ സെക്ഷൻ	1 എണ്ണം
അകമ്പാടം സെക്ഷൻ	1 എണ്ണം

(iii) ഡി.റ്റി.ആർ മീറ്റർ സ്ഥാപിക്കൽ:

അരീക്കോട് സെക്ഷൻ	29 എണ്ണം (ഇളമരം ഫീഡർ)
അരീക്കോട് സെക്ഷൻ	2 എണ്ണം (പുത്തലം ഫീഡർ)
കീഴിശ്ശേരി സെക്ഷൻ	13 എണ്ണം (തുപ്പനച്ചി ഫീഡർ)

LIBRARY ARCHIVES Kerala Legislative Assembly

(iv) എൽ.ടി. സിംഗിൾ ഫേസ് ലൈൻ നിർമ്മാണം :	
അരീക്കോട് സെക്ഷൻ	2.6 കി.മീ (0.403 കി.മീ. പൂർത്തീകരിച്ചു)
എടവണ്ണപ്പാറ സെക്ഷൻ	2.96 കിലോ മീറ്റർ (0.462 കിലോ മീറ്റർ പൂർത്തീകരിച്ചു)
കീഴുപറമ്പ് സെക്ഷൻ	2.29 കിലോ മീറ്റർ (0.464 കിലോമീറ്റർ പൂർത്തീകരിച്ചു)
അകമ്പാടം സെക്ഷൻ	1.5 കി.മീ.
(v) എൽ.ടി. ത്രീ ഫേസ് ലൈൻ നിർമ്മാണം :	
അരീക്കോട് സെക്ഷൻ	0.86 കിലോ മീറ്റർ
എടവണ്ണപ്പാറ സെക്ഷൻ	0.82 കിലോ മീറ്റർ
കീഴുപറമ്പ് സെക്ഷൻ	0.78 കിലോ മീറ്റർ
എടവണ്ണ സെക്ഷൻ	0.4 കിലോ മീറ്റർ
അകമ്പാടം സെക്ഷൻ	0.55 കിലോ മീറ്റർ
(vi) ബി.പി.എൽ. സർവ്വീസ് കണക്ഷൻ :	
അരീക്കോട് സെക്ഷൻ	46 എണ്ണം (7 എണ്ണം പൂർത്തീകരിച്ചു)
എടവണ്ണപ്പാറ സെക്ഷൻ	40 എണ്ണം (10 എണ്ണം പൂർത്തീകരിച്ചു)
കീഴുപറമ്പ് സെക്ഷൻ	38 എണ്ണം (7 എണ്ണം പൂർത്തീകരിച്ചു)
എടവണ്ണ സെക്ഷൻ	45 എണ്ണം പൂർത്തീകരിച്ചു
അകമ്പാടം സെക്ഷൻ	25 എണ്ണം പൂർത്തീകരിച്ചു
(vii)എൽ.ടി. റീകണ്ടക്ടറിങ്ങ് :	
അകമ്പാടം സെക്ഷൻ	1.6 കി.മീ.
(viii) കേടായ മീറ്റർ സ്ഥാപിക്കൽ :	2471 എണ്ണം

മേൽപ്പറഞ്ഞ പ്രവൃത്തികളിൽ എൽ.ടി. സിംഗിൾ ഫേസ് ലൈൻ നിർമ്മാണം, ബി.പി.എൽ. സർവ്വീസ് കണക്ഷൻ നൽകൽ മുതലായ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്.

(ബി) കേന്ദ്രാവിഷ്കൃത പദ്ധതികളായ RGGVY, DDUGJY എന്നിവയിൽ ഉൾപ്പെടുത്തിയും ബോർഡിന്റെ തനത് ഫണ്ട് ഉപയോഗിച്ചും ഏറനാട് മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പ്രവൃത്തികൾ തുടർന്നുവരികയാണ്.